**ക്രമപ്രശ്നങ്ങൾ**

വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവരാവകാശ നിയമം ബാധകമായ എല്ലാ വകുപ്പുകളിൽനിന്നും പൊതുഅധികാര സ്ഥാപനങ്ങളിൽനിന്നും റിപ്പോർട്ട് തയ്യാറാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കി ക്രോഡീകരിച്ചാണ് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. ഇതിന് കാലതാമസമുണ്ടാകുന്നുണ്ട്. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരം ലഭ്യമാക്കണമെന്ന് എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടെങ്കിലും അവ യഥാസമയം കമ്മീഷന് ലഭ്യമായിട്ടില്ല. കോവിഡ് വ്യാപനംമൂലം വിവിധ സർക്കാർ കാര്യാലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിക്കാതിരുന്നത് കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. 2017-18-ലെ വാർഷിക റിപ്പോർട്ട് കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കുകയും അവ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് 18-10-2021-ന് സമർപ്പിച്ചിട്ടുമുണ്ട്. 2018-19 വർഷത്തെ വാർഷിക റിപ്പോർട്ടിന്റെ അച്ചടി ജോലികൾ സർക്കാർ പ്രസ്സിൽ പുരോഗമിച്ചുവരുന്നു.

2019-20, 2020-21 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഭാവിയിൽ ഓരോ വർഷത്തെയും വാർഷിക റിപ്പോർട്ട് തൊട്ടടുത്ത വർഷംതന്നെ സമർപ്പിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഓരോ വർഷവും നിർണ്ണയിക്കപ്പെട്ട രീതിയിലും തൊട്ടടുത്ത വർഷത്തേയ്ക്ക് അതത് പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി നിക്ഷിപ്തമായിട്ടുള്ള ചുമതലയുടെ അടിസ്ഥാനത്തിൽ ഒരു വികസന പദ്ധതി തയ്യാറാക്കി നിർണ്ണയിക്കപ്പെട്ട തീയതിക്കുമുമ്പായി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 175(1) പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടായി ഇന്നുവരെ ഈ വ്യവസ്ഥകൾ വിശദമാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ സർക്കാർ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. 1994 മുതൽ 2012 വരെ ഏകദേശം 66 തവണ ചട്ടങ്ങൾ നിർമ്മിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷെ, ഏറ്റവും പ്രധാന

പ്രവർത്തനമേഖലയായ പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് ഓരോ വർഷവും നിരവധി ഉത്തരവുകളാണ് സർക്കാർ പുറപ്പെടുവിക്കുന്നത്. ചട്ടങ്ങളുടെ അഭാവം കാരണം ഓരോ ചെറിയ കാര്യങ്ങൾക്കുപോലും കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി തദ്ദേശസ്ഥാപനങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 14-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ അതായത്, 2016 നവംബർ മാസം 9-ന് ഒരു ക്രമപ്രശ്നം സഭ മുമ്പാകെ ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ചിരുന്നു. അതിന് ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ റൂളിംഗും നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ധാരാളം ഓർഡറുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന ബില്ലുകൾ ഗവൺമെന്റ് തലത്തിൽ ഒപ്പുവയ്ക്കുമ്പോൾ നിയമമാകും. ആ നിയമം നടപ്പിലാക്കാൻ വിശദമായ നടപടിക്രമങ്ങൾ തയ്യാറാക്കി സർക്കാരിനുവേണ്ടി ക്യാബിനറ്റ് അംഗീകരിച്ച് പുറപ്പെടുവിക്കുന്നതാണ് ചട്ടം. ചട്ടം അനുശാസിക്കുന്ന നിബന്ധന, പ്രവർത്തനങ്ങളുടെ പരിപാലനത്തിനോ നിർവഹണത്തിനോ ആയി ബന്ധപ്പെട്ട ഭരണവകുപ്പിലെ സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥൻ

ഒപ്പിട്ട് പുറത്തിറക്കുന്ന നിർദ്ദേശങ്ങളാണ് സർക്കാർ ഉത്തരവ്. സർക്കാർ ഉത്തരവ് പാലിക്കുന്നതിലെ സൂക്ഷ്മ വിശദാംശങ്ങൾ, സംശയങ്ങൾ, വിശദീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചോ വിവരശേഖരണം ഉദ്ദേശിച്ചോ ഭരണ വകുപ്പിലെയും അതത് വകുപ്പിലെയും ഡെലിഗേറ്റഡ് അധികാരമുള്ള ഉദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥർക്ക് ഔപചാരികമായി നൽകുന്ന നിർദ്ദേശമാണ് സർക്കുലർ. സർക്കുലർ ഉത്തരവിനെയും ഉത്തരവ് ചട്ടത്തെയും ചട്ടം നിയമത്തെയും നിയമം ഭരണഘടനയെയും മറികടക്കരുതെന്നാണ് പൊതുധാരണ. അതുകൊണ്ട് ഈ വിഷയത്തിൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്ത ചട്ടം സെക്ഷൻ 175(1)-നുവേണ്ടി നിർമ്മിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായ റൂളിംഗ് നൽകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ സെക്ഷൻ 175 (1)-ൽ പരാമർശിക്കുന്ന രീതിയിൽ വികസന പദ്ധതി തയ്യാറാക്കേണ്ട രീതിയെ സംബന്ധിച്ചുള്ള ചട്ടങ്ങൾ നാളിതുവരെ പുറപ്പെടുവിക്കാത്തതാണ് ഈ ക്രമപ്രശ്നത്തിന്റെ അടിസ്ഥാനം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി

രൂപീകരണ പ്രക്രിയ സുഗമമാക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും പദ്ധതി രൂപീകരണം സംബന്ധിച്ച സ്ഥിരചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലേയ്ക്കുമായി കേരള പഞ്ചായത്ത് രാജ് പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ചുള്ള ചട്ടങ്ങളുടെ കരട് പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കി ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരട് ചട്ടങ്ങൾ അംഗീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ തുടർന്നുള്ള പരിശോധനയിൽ കരട് ചട്ടങ്ങളിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തപ്പെട്ടു. ഈ മാറ്റങ്ങൾ വരുത്തി കരട് ചട്ടങ്ങൾ ഭേദഗതി ചെയ്ത് സമർപ്പിക്കാൻ പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കരട് ചട്ടങ്ങളിൽ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെയും പഞ്ചവത്സര പദ്ധതിയുടെയും ആസൂത്രണനിർവ്വഹണ മോണിറ്ററിംഗ് നടപടികളും ആസ്തിയുടെ പരിപാലനവും മിതവ്യയവും ന്യൂനതകളും പരിശോധിക്കുന്നതിനും ദിശാബോധം നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ചേർത്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175(1)

പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ കരട് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതിവരുത്തി നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതാണ്. ചട്ടങ്ങൾ സമയബന്ധിതമായിത്തന്നെ പുറപ്പെടുവിക്കേണ്ടതാണെന്നാണ് സർക്കാരിന്റെ സമീപനവും.